
ബൈബിൾ ചിത്രകഥ

# മാർഗ്ഗം

MAR LOUIS PUBLICATIONS



## ബൈബിൾ ചിത്രകഥ - 41

# മാർഗ്ഗം

പരസ്യജീവിതത്തിന്റെ അന്ത്യത്തിൽ സുനിശ്ചിതമായ മരണത്തെ മുന്നിൽ കണ്ടുകൊണ്ട് യേശു ഗലീലിയിൽനിന്ന് ജറുസലെമിലേക്കു യാത്രചെയ്തുവെന്ന് സമാന്തര സുവിശേഷകന്മാർ മൂന്നുപേരും രേഖപ്പെടുത്തിയിട്ടുണ്ട്. യേശു പലതവണ ജറുസലെമിലേക്കു പോയതായി രേഖപ്പെടുത്തുന്ന നാലാം സുവിശേഷകൻ യേശുവിന്റെ ജീവിതം മുഴുവൻ ഒരു യാത്രയായി ചിത്രീകരിച്ചിരിക്കുന്നു. (യോഹ 13,1) - പിതാവിന്റെ അടുക്കൽനിന്നു പുറപ്പെട്ട് ഈ ഭൂമിയിലേക്കു വരുകയും കുരിശുമരണവും ഉത്ഥാനവും വഴി വീണ്ടും പിതാവിന്റെ അടുക്കലേക്കു മടങ്ങുകയും ചെയ്യുന്ന യാത്ര. പിതാവിന്റെ പക്കലേക്കു നമ്മെ നയിക്കുന്നതിനുവേണ്ടിയാണ് യേശു വന്നത്. നമുക്ക് ഈ ഭൂമിയിൽ സ്ഥിരമായൊരു വാസസ്ഥലമില്ലെന്നും മരണത്തോടെ ഇവിടുത്തെ വാസം അവസാനിപ്പിച്ച് പിതാവിന്റെ അടുക്കലേക്കു പോകേണ്ടവരാണ് നാം എന്നും യേശു നമ്മെ അനുസ്മരിപ്പിക്കുന്നു.

മരണത്തോടെ മാത്രമല്ല നമ്മുടെ ഈ യാത്ര ആരംഭിക്കുക. യേശുവിന്റെ ജീവിതംപോലെ നമ്മുടെ ജീവിതവും ഒരു യാത്രയാണ് - പിതാവിന്റെ ഭവനത്തിലേക്കുള്ള ഒരു തീർത്ഥയാത്ര. ഈ യാത്രയിൽ യേശുവാണ് വഴികാട്ടി. പിതാവിന്റെ ഭവനത്തിലേക്കു നമ്മെ നയിക്കുന്ന വഴിയും യേശുതന്നെ. അതിനാലാണ് ഈ ചിത്രകഥയ്ക്ക് 'മാർഗ്ഗം' എന്ന പേരു നല്കിയിരിക്കുന്നത്. ജറുസലെമിലേക്കുള്ള യാത്രാമദ്ധ്യേ മുഖ്യമായും ഉപമകളിലൂടെ യേശു നല്കിയ പാഠങ്ങൾ ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. നിത്യജീവൻ അവകാശപ്പെടുത്താൻ എന്തുചെയ്യണം എന്ന ചോദ്യത്തിന് ഉത്തരമാണ് ഈ പുസ്തകത്തിലെ ഉപമകളും സംഭവങ്ങളും എല്ലാംതന്നെ. ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട മനോഭാവവും ജീവിതശൈലിയും ഇതിൽ വ്യക്തമാക്കുന്നു.

ദൈവവും മനുഷ്യരും തമ്മിലും മനുഷ്യർ തമ്മിൽ തമ്മിലും സമാധാനവും രമ്യതയും സ്ഥാപിക്കാനാണ് യേശുവന്നത്. എന്നാൽ യേശുവിന്റെ സാന്നിധ്യം ജനങ്ങൾക്കിടയിൽ ഭിന്നതയ്ക്കു കാരണമാകുന്നു. യേശുവിനെ തിരസ്കരിച്ചവർ അവന്റെ അനുയായികളെയും തിരസ്കരിക്കും. മാനസാന്തരത്തിനു വിസമ്മതിക്കുന്നവർ മാനസാന്തരപ്പെട്ടവരെ പീഡിപ്പിക്കും. അതിനാൽ ശിഷ്യന്മാർ പീഡനങ്ങൾ സഹിക്കാൻ തയ്യാറായിരിക്കണം.

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

യേശുവിന്റെ ശിഷ്യന്മാർ സ്ഥാനമാനങ്ങൾ മോഹിക്കരുത്. അംഗീകാരവും പ്രശംസയും പ്രതീക്ഷിച്ചുകൊണ്ടായിരിക്കരുത് അവർ നന്മ പ്രവർത്തിക്കുന്നത്. മനുഷ്യർ വിലപ്പെട്ടതായി കരുതുന്നതായിരിക്കുകയില്ല ദൈവത്തിന്റെ പ്രശംസയ്ക്കു പാത്രമാകുന്നത്. നിസ്വാർത്ഥമായി സേവനം ചെയ്യാനും അവസാനസ്ഥാനം സ്വീകരിക്കാനും ശിഷ്യർ തയ്യാറായിരിക്കണം.

സഹോദരങ്ങൾ ദാരിദ്ര്യവും പട്ടിണിയും അനുഭവിക്കുമ്പോൾ അവരെ സഹായിക്കാതെ ആർഭാടമായി ജീവിക്കുന്നതു മാരകമായ പാപമാണ്. ദൈവം നല്കുന്ന നിത്യവിരുന്നിൽ പങ്കുചേരണമെങ്കിൽ ഇന്നു നാം നടത്തുന്ന വിരുന്നുകളിൽ ദരിദ്രരെയും വികാലംഗരെയും പങ്കുചേർക്കണം. സഹോദരങ്ങളോടു ഹൃദയപൂർവ്വം ക്ഷമിച്ചെങ്കിലേ ദൈവം ക്ഷമിക്കുകയുള്ളൂ. ഹൃദയങ്ങൾ കാണുന്ന ദൈവത്തിന്റെ മുമ്പിൽ ആർക്കും അഹങ്കരിക്കാൻ അവകാശമില്ല. ചെയ്തുപോയ പാപങ്ങളെക്കുറിച്ച് അനുതപിച്ചു മാപ്പുചോദിക്കുന്നവരെയാണ് ദൈവം സ്നേഹക്കുന്നത്. തങ്ങൾ വിശുദ്ധരാണെന്നു നടിക്കുകയും മറ്റുള്ളവരെ കുറ്റം പറഞ്ഞു നടക്കുകയും ചെയ്യുന്നവർക്കു ദൈവസ്നേഹം അനുഭവിക്കാൻ സാധിക്കുകയില്ല.

നമുക്കുള്ളതെല്ലാം ദാനമായി ദൈവം നല്കിയതാണ്. ദാനം സ്വീകരിക്കുന്നവർ നന്ദിയുള്ളവരായിരിക്കണം. നന്ദിഹീനത വലിയ പാപമാണെന്ന് പത്തു കുഷ്ഠരോഗികളുടെ ഉദാഹരണം പഠിപ്പിക്കുന്നു. നമുക്കുള്ള സകല കഴിവുകളും ദൈവത്തെ സ്നേഹിക്കാനും സഹോദരങ്ങൾക്കു നന്മ ചെയ്തുകൊണ്ട് യേശുവിനെ അനുഗമിക്കാനുമായി ഉപയോഗിക്കുന്നതിലൂടെയാണ് നന്ദി പ്രകടിപ്പിക്കേണ്ടത്. വിശ്വാസത്തോടെ യേശുവിനെ വിളിച്ചപേക്ഷിക്കുന്നവർ ഒരിക്കലും ലജ്ജിക്കേണ്ടിവരികയില്ല. ജനക്കൂട്ടത്തിന്റെ എതിർപ്പിനെയും വകവയ്ക്കാതെ യേശുവിനെ ഉച്ചത്തിൽ വിളിക്കുകയും കാഴ്ചകിട്ടിയപ്പോൾ സന്തോഷത്തോടെ അവനെ അനുഗമിക്കുകയും ചെയ്ത ബർതിമേയൂസ് ശിഷ്യന്മാർക്കെല്ലാം മാതൃകയാണ്.

## ചോദ്യങ്ങൾ

1. യേശു സ്വീകരിക്കാനിരുന്ന മാമ്മോദീസാ എന്തിനെ സൂചിപ്പിക്കുന്നു?
2. സമാധാനമല്ല ഭിന്നതയാണ് യേശു കൊണ്ടുവന്നത്. വിശദീകരിക്കുക.
3. വിരുന്നു നടത്തുമ്പോൾ ആരെ ക്ഷണിക്കണം എന്നാണ് യേശു പഠിപ്പിച്ചത്?
4. ഉപമയിലെ ധനികൻ നരകത്തിൽ പീഡിപ്പിക്കപ്പെടാൻ കാരണമെന്ത്?
5. ധൂർത്തപുത്രനും മൂത്തപുത്രനും ആരെ സൂചിപ്പിക്കുന്നു?
6. നിർദ്ദയനായ ഭൃത്യന്റെ ഉപമയിൽനിന്ന് എന്തു പാഠമാണു ലഭിക്കുന്നത്?
7. പ്രാർത്ഥിക്കാൻ പോയ ഫരിസേയനിൽ കർത്താവു പ്രസാദിച്ചില്ല. എന്തുകൊണ്ട്?
8. നാം എങ്ങിനെയാണ് ദൈവത്തിനു നന്ദി പ്രകടിപ്പിക്കേണ്ടത്?
9. ബർത്തിമേയൂസ് എന്തിന്റെ മാതൃകയാണ്?
10. നാം തീർത്ഥാടകരാണ്. വിശദമാക്കുക.

ബൈബിൾ ചിത്രകഥ-41

# യേശുക്രിസ്തു -11

# മാർഗ്ഗം

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി


അനേകം അത്ഭുതങ്ങൾ കണ്ടിട്ടും മാനസാന്തരപ്പെടാൻ വിസമ്മതിച്ച് ജനം അകന്നുമാറുകയും എതിർപ്പുകൾ ശക്തിപ്പെടുകയും ചെയ്തപ്പോൾ യേശു തന്റെ ശ്രദ്ധ മുഴുവൻ അപ്പസ്തോലന്മാരെ പഠിപ്പിക്കുന്നതിൽ കേന്ദ്രീകരിച്ചു. എതിരാളികളോട് ഉപമകളിലൂടെ സംസാരിച്ചു.





യേശു പറഞ്ഞത് ശിഷ്യന്മാർക്കു മനസ്സിലായില്ല. ഗുരുവിനോടു ചോദിക്കാൻ അവർ മടിച്ചു. അവർ തമ്മിൽ തർക്കിച്ചു.
എന്താണീ തീയും സ്നാനവും?
സ്നാപകൻ പറഞ്ഞില്ലേ വിധിയുടെ അഗ്നിയെപ്പറ്റി? അതിനെക്കുറിച്ചാണ് ഗുരു ഇപ്പോൾ പറയുന്നത്.
എങ്കിൽ പിന്നെ ഇനിയും സ്നാനം സ്വീകരിക്കാനുണ്ടെന്നു പറയുന്നതോ?
വിധി നടപ്പിലാക്കാൻ വേണ്ട അഭിഷേകത്തെക്കുറിച്ചാണത്. രാജാഭിഷേകം!
അതാണെങ്കിൽ ഗുരു എന്തിന് ഇത്ര ദുഃഖിക്കുന്നു? ഞെരുങ്ങുന്നു എന്നല്ലേ പറഞ്ഞത്?
ഗുരുവിന്റെ രാജാഭിഷേകം എളുപ്പമായിരിക്കുകയില്ല. അനേകം എതിരാളികളുണ്ട്.
ലോകത്തിൽ മുഴുവൻ കത്തിപ്പടരുന്ന സ്നേഹാഗ്നിയെക്കുറിച്ചാണ് ഗുരു പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്.
അഗ്നി ദൈവസാന്നിധ്യത്തിന്റെ അടയാളമല്ലേ? സീനായ് മലയിലെപ്പോലെ?
അപ്പോൾ എല്ലാവരെയും ദൈവസ്നേഹം അറിയിക്കാനാണ് ഗുരു ആഗ്രഹിക്കുന്നത്.
!


എന്നാലും എന്താണ് ഈ സ്നാനം.
ജോർദ്ദാനിൽ ഒരു സ്നാനം കഴിഞ്ഞു. അടുത്തത് അതു ചിന്തിക്കാൻപോലും എനിക്കു ഭയമാകുന്നു.
?
എന്താണ് യോഹന്നാൻ, പറയൂ.
കഴിഞ്ഞ രണ്ടു മാസത്തിനിടയ്ക്ക് നാലു തവണ ഗുരു തന്റെ മരണത്തെക്കുറിച്ചു നമ്മോടു പറഞ്ഞു.
ഗുരു അത്ര പെട്ടെന്നൊന്നും മരിക്കില്ല. സ്നാനം അഭിഷേകമാണ്. രാജാഭിഷേകം.
ആയിരിക്കാം. പക്ഷേ, അതു ക്രൂരമായ ഒരു മരണത്തിലൂടെ ആയിരിക്കും എന്നാണ് ഗുരു പറയുന്നത്.
അങ്ങനെ ഒരഭിഷേകം നമ്മുടെ ഗുരുവിനു വേണ്ടാ. നമ്മൾ അതു തടഞ്ഞേ മതിയാവൂ.
ഗുരുവിനെ രാജാവാകുന്നതിൽനിന്നു തടയാൻ നിങ്ങൾക്കാർക്കും കഴിയില്ല. അതിനുവേണ്ട ഒരുക്കങ്ങൾ ഏതാണ്ടു പൂർത്തിയാകാറായി.
എന്താണത് യൂദാസ്? എന്തൊരുക്കം?
?!!
സമയമാവുമ്പോൾ നിങ്ങൾ അതറിയും.


ഭൂമിയിൽ സമാധാനം നല്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കുന്നുവോ?
തീർച്ചയായും ഗുരോ, അങ്ങേയ്ക്കു മാത്രമേ സമാധാനം നല്കാൻ കഴിയൂ.
അല്ല. ഭിന്നതയാണ് ഞാൻ വഴി ഉണ്ടാകുന്നത്. കുടുംബങ്ങളിൽപ്പോലും ഞാൻ മൂലം ഭിന്നതയുണ്ടാകും.
വാസ്തവത്തിൽ ഗുരുവിന്റെ കൂടെ ഇറങ്ങിത്തിരിച്ചതിനാൽ എന്റെ വീട്ടുകാർ എന്നെ ഉപേക്ഷിച്ചുകളഞ്ഞു.
ഞാൻ മൂലം സകലരും നിങ്ങളെ ദ്വേഷിക്കും.


മാതാപിതാക്കളും സ്നേഹിതരും ബന്ധുക്കളും സഹോദരങ്ങളും പോലും നിങ്ങളെ ഒറ്റിക്കൊടുക്കും. അവർ നിങ്ങളെ ന്യായാധിപന്മാരുടെയും നാടുവാഴികളുടെയും മുമ്പിൽ വിചാരണ ചെയ്യും.


അപ്പോൾ എന്തു മറുപടി പറയണം എന്നു കരുതി ആകുലരാകേണ്ടാ. പരിശുദ്ധാത്മാവ് നിങ്ങളിലൂടെ സംസാരിച്ചുകൊള്ളും.


കുഞ്ഞുമക്കളേ, ഭയപ്പെടേണ്ടാ. സന്തോഷിക്കുവിൻ. നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.
?!!


അന്നൊരു ദിവസം ഒരു ഫരിസേയപ്രമാണി യേശുവിനെ വിരുന്നിനു ക്ഷണിച്ചു.
ഇത് എന്റെ സ്ഥലമാണ്.
?!!!
ഇവിടെ ആർക്കും പ്രത്യേക ഇരിപ്പിടമൊന്നുമില്ല. ആദ്യം വരുന്നവന് ആദ്യത്തെ ഇരിപ്പിടം.


എല്ലാവരും ഇരുന്നു കഴിഞ്ഞപ്പോൾ
റബ്ബീ, വിരുന്നു തുടങ്ങുന്നതിനു മുമ്പ് അങ്ങ് എന്തെങ്കിലും രണ്ടു വാക്ക് ഞങ്ങളോട് പറയണം.
തീർച്ചയായും.


നിങ്ങളെ ആരെങ്കിലും വിരുന്നിനു വിളി
ച്ചാൽ ആദ്യമേ പ്രമുഖസ്ഥാനത്തു കയറി ഇരി
ക്കരുത്. നിങ്ങളേക്കാൾ മാന്യനായ ഒരാൾ
ക്കുവേണ്ടി സ്ഥലം ഒഴിഞ്ഞുകൊടു
ക്കേണ്ടിവന്നേക്കും.


നിങ്ങൾ ഒരു സദ്യ നടത്തു
മ്പോൾ ബന്ധുക്കളെയോ ധനിക
രായ അയല്ക്കാരെയോ അല്ല
ക്ഷണിക്കേണ്ടത്.
ഓരോരുത്തരുടെയും
നിലയും വിലയും അനു
സരിച്ചല്ലേ വിരുന്നുകാരെ
ക്ഷണിക്കുന്നത്?


അവർ നിങ്ങളെ പകരം ക്ഷണിക്കും. അങ്ങനെ നിങ്ങൾക്ക് ഉടനെ പ്രതിഫലവും കിട്ടും.
എന്നാൽ ദരിദ്രർ, വികാലാംഗർ, മുടന്തർ, കുരുടർ, എന്നിവരെയാണ് ക്ഷണിക്കേണ്ടത്.
തെരുവുതെണ്ടികളെ വീട്ടിൽ കയറ്റി വിരുന്നുകൊടുക്കാനോ?
ആ വിരുന്നിന് മാന്യതയുള്ള ആരെങ്കിലും പങ്കെടുക്കുമോ?
അപ്പോൾ നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിങ്ങൾക്കു പ്രതിഫലം ലഭിക്കും.
ദൈവരാജ്യത്തിൽ വിരുന്നുണ്ണുന്നവൻ ഭാഗ്യവാൻ.
ഒരിക്കൽ ഒരാൾ ഒരു വലിയ സദ്യയൊരുക്കി.


വിരുന്നിന്റെ ദിവസം അയാൾ ക്ഷണിക്കപ്പെട്ടിരുന്നവരുടെ അടുക്കലേക്കു തന്റെ ദാസന്മാരെ അയച്ചു.
എന്റെ യജമാനന്റെ വിരുന്ന് ഇന്നു സന്ധ്യയാവുമ്പോൾ ആരംഭിക്കും. അങ്ങു വരുമല്ലോ?
ഇന്നലെ ഞാൻ ഒരു തോട്ടം വാങ്ങി. അല്പം അകലെയാണ്. അതു പോയി നോക്കണം. വിരുന്നിനു വരാൻ കഴിയാത്തതിൽ ക്ഷമിക്കണം എന്നു പറയുക.
മറ്റൊരാൾ
അങ്ങ് എന്റെ യജമാനന്റെ വിരുന്നിന് ഇന്നു വൈകുന്നേരം വരില്ലേ?
ക്ഷമിക്കണം. ഞാൻ വിവാഹം കഴിച്ചിട്ട് രണ്ടു ദിവസമേ ആയുള്ളൂ. എനിക്കു വരാൻ ബുദ്ധിമുട്ടുണ്ട്.
ക്ഷണിക്കപ്പെട്ടവരെല്ലാം ഒഴിഞ്ഞുമാറി. അപ്പോൾ ഗൃഹനാഥൻ കോപത്തോടെ സേവകരോടു പറഞ്ഞു:



നിങ്ങൾ വേഗം പട്ടണത്തിലെ തെരു
വുകളിലും ഊടുവഴികളിലും ചെന്ന്
ദരിദ്രരും കുരുടരും മുടന്തരുമായ
എല്ലാവരെയും വിളിച്ചുകൊണ്ടു
വരുവിൻ.
?!!!
അങ്ങു പറഞ്ഞതുപോലെ
ചെയ്തു. ഇനിയും സ്ഥലം
മിച്ചമുണ്ട്.
പെരുവഴികളിലും ഇട
വഴികളിലും കാണുന്ന
പാവപ്പെട്ടവരെയെല്ലാം
കൊണ്ടുവന്ന് വിരുന്നു
ശാല നിറയ്ക്കുവിൻ.
ക്ഷണിക്കപ്പെട്ടവരിൽ
ഒരുവനും എന്റെ
വിരുന്ന് ആസ്വദി
ക്കുകയില്ല.


റബ്ബീ യേശു, കഥകൾ പറഞ്ഞ് താങ്കൾ ഞങ്ങളെ അവഹേളിക്കുകയാണോ?
താങ്കൾ ദൈവരാജ്യത്തെക്കുറിച്ച് അല്പംകൂടി മാന്യമായി സംസാരിക്കും എന്നാണ് ഞങ്ങൾ കരുതിയത്.
ഒരിടത്തൊരു ധനികനുണ്ടായിരുന്നു.
അയാൾ ചെമന്ന പട്ടും മൃദുല വസ്ത്രങ്ങളും ധരിക്കുകയും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു.
അയാളുടെ പടിവാതില്ക്കൽ ലാസർ എന്നൊരു ദരിദ്രൻ കിടന്നിരുന്നു.


ധനവാന്റെ മേശ
പ്പുറത്തുനിന്നു
വീഴുന്ന ഉച്ഛിഷ്ടം
കൊണ്ട് വിശപ്പട
ക്കാൻ ലാസർ
ആഗ്രഹിച്ചു.
പക്ഷേ..
ലാസർ മരിച്ചു. ദൈവദൂതന്മാർ
അവനെ അബ്രാഹത്തിന്റെ മടി
യിലേക്കു സംവഹിച്ചു.
ആ ധനികനും മരിച്ച്
അടക്കപ്പെട്ടു. അവൻ
നരകത്തിൽ പീഡിപ്പിക്ക
പ്പെടുമ്പോൾ ദൂരെ അ
ബ്രാഹത്തെയും ലാസറി
നെയും കണ്ടു.


പിതാവായ അബ്രാഹമേ, എന്നിൽ കനിഞ്ഞ് ഒരു തുള്ളി വെള്ളംതന്ന് എന്റെ നാവു തണുപ്പിക്കാനായി ലാസറിനെ അയയ്ക്കണമേ.
മകനേ, നീ സുഖമായി കഴിഞ്ഞകാലം മറന്നുപോയോ? നിന്റെ പടിവാതില്ക്കൽ ഉച്ഛിഷ്ടം പോലും കിട്ടാതെ പട്ടിണികിടന്നു മരിച്ച ലാസറിനെ നീ മറന്നിട്ടില്ലല്ലോ?
കഷ്ടതകൾ മാത്രം അനുഭവിച്ച അവൻ ഇന്ന് ആനന്ദിക്കുന്നു. നീ വേദനിക്കുന്നു.
മാത്രമല്ല, നമ്മൾക്കിടയിൽ ഒരു വലിയ ഗർത്തമുണ്ട്. ആർക്കും അങ്ങോട്ടോ ഇങ്ങോട്ടോ കടക്കാനാവില്ല.


എങ്കിൽ പിതാവേ, ലാസറിനെ എന്റെ സഹോദരങ്ങളുടെ അടുത്തേയ്ക്കയക്കുക. അവരെങ്കിലും ഈ പീഡനത്തിൽ നിന്നു രക്ഷപ്പെടട്ടെ.
അവർക്കു മോശയും പ്രവാചകന്മാരുമുണ്ടല്ലോ. അവരുടെ വാക്കു കേൾക്കട്ടെ.
അങ്ങനെയല്ല, മരിച്ചവരിൽ നിന്ന് ഒരുവൻ ചെന്ന് പറഞ്ഞാൽ അവർ വിശ്വസിക്കും.
മോശയും പ്രവാചകന്മാരും പറയുന്നതു കേൾക്കാത്തവർ മരിച്ചവർ ഉയിർത്താലും വിശ്വസിക്കുകയില്ല.
നമ്മളെ അവഹേളിക്കാൻ ഇയാൾ മനഃപൂർവ്വം കെട്ടു കഥകളുണ്ടാക്കുകയാണ്.
മരണത്തോടെ എല്ലാം കഴിഞ്ഞു. ഇതാണ് സദുക്കായരായ ഞങ്ങളുടെ വിശ്വാസം. നരകവും മോക്ഷവുമൊക്കെ ഫരിസേയരുടെ കണ്ടുപിടുത്തമാ.



വിരുന്നുകഴിഞ്ഞ് പിരിഞ്ഞു പോകുമ്പോൾ ഫരിസേയർ തമ്മിൽ സംഭാഷണം.
ഇവനെ ഒരുതരത്തിലും അംഗീകരിക്കാനാവില്ല.
സകല തെണ്ടികളുടെയും അധഃകൃതരുടെയും കയ്യടി കിട്ടാൻ വേണ്ടി അവൻ നമ്മളെ അവഹേളിക്കുകയാണ്.
അവരുടെ കൂടെയല്ലേ സ്ഥിരം തീറ്റയും കുടിയും. നിയമങ്ങളൊക്കെ അവനു പുല്ലു വിലയാണ്.
നിങ്ങൾ എന്തിനു പിറുപിറുക്കുന്നു? എന്തിനീ ദുഷിച്ച ചിന്തകൾ വച്ചു പുലർത്തുന്നു?
ദുഷിച്ച ചിന്ത ഞങ്ങളുടേതല്ല. താങ്കളുടേതാണ്.
സകല നിയമവും ലംഘിച്ചു നടക്കുന്നവരുടെ കൂടെ ഭക്ഷിച്ചും ജീവിച്ചും അവരെ കൂടുതൽ വഷളാക്കുന്നത് ആരാണ്? ഞങ്ങളോ താങ്കളോ?
മനുഷ്യരെ ദൈവത്തിന്റെ വഴികൾ പഠിപ്പിക്കുകയാണ് റബ്ബിയുടെയും പ്രവാചകന്റെയും ഒക്കെ ദൗത്യം.



ഒരു മനുഷ്യനു രണ്ടു പുത്രന്മാ രുണ്ടായിരുന്നു. ഇളയമകൻ പിതാവിനോടു പറഞ്ഞു.
!!!
വീണ്ടും കഥ പറയാൻ പോവുകയാണല്ലോ. നമുക്കെതിരായിട്ടാ യിരിക്കും.
അപ്പാ, എന്റെ വീതം എനിക്കിപ്പോൾ കിട്ടണം.
എന്തിനാ മകനേ നിന ക്കിപ്പോൾ വീതം? നിന ക്കിവിടെ എന്താണൊരു കുറവ്?
വാദിക്കാനൊന്നും എനിക്കു നേരമില്ല. എനിക്ക് അവകാ ശപ്പെട്ടത് ഉടനെതരണം.
അപ്പൻ മരിച്ചതിനു ശേഷമേ മക്കൾ വീതം വാങ്ങാറുള്ളൂ. നിന ക്കു നിർബന്ധമാ ണെങ്കിൽ....


തന്റെ വീതം അവൻ പണമാക്കി ദൂരദേശത്തേക്കു പോയി ധൂർത്തനായി ജീവിച്ചു.
നാളെ അമ്പതുപേരുണ്ടാവും. ശരിക്കു പാടാനും നൃത്തം ചെയ്യാനും കഴിവുള്ള ആരെയെങ്കിലും വരുത്തണം. ഇതാ ഇന്നത്തേതിന്റെ അഞ്ഞൂറു ദെനാറാ.
!
എങ്കിൽ നാളെ ആയിരം ദെനാറാ വേണ്ടിവരും.
ആയിരമല്ല. രണ്ടായിരമായാലും കുഴപ്പമില്ല. എന്റെ വിരുന്ന് ഭംഗിയാവണം.
!!
സാംസൺ ഇന്നത്തെ വീഞ്ഞ് ഉഗ്രനായിരുന്നു.
നമ്മുടെ സാംസണ് പറ്റിയ ദലീലയെ കണ്ടുപിടിക്കണമല്ലോ.
നാളെ കണ്ടോ. സാംസന്റെ വിരുന്ന്!


ഏറെ താമസിയാതെ അവന്റെ പണം തീർന്നു. അവനു വിശപ്പട ക്കാൻ മാർഗ്ഗമില്ലാതായി.
സുഹൃത്തേ എനിക്ക് രണ്ടു ദെനാറാ തരണം.
എന്റെ കയ്യിൽ പണമൊന്നുമി ല്ലെന്നു ഞാൻ പറഞ്ഞില്ലേ?
വിശന്നിട്ടു വയ്യ. ഒരു കഷണം അപ്പമെങ്കിലും വാങ്ങിത്തരൂ!
വീട്ടിലേക്കുവാ. ഞാൻ അപ്പനുമായി സംസാരി ക്കാം.
!?
വെറുതെ കിട്ടുന്നതിനു വില യില്ല. പോയി എന്റെ പന്നികളെ മേയിയ്ക്കൂ. ആഹാരം തരാം.
?


എന്തെടാ, പന്നിയ്ക്കു കൊടുക്കാനുള്ളതു നീ വാരിത്തിന്നുകയാണോ? ഇനിമേലിൽ ഇതാവർത്തിക്കരുത്.
?
ഇതെന്തൊരു ജീവിതം! ഒരു പന്നിയുടെ വിലപോലും എനിക്കില്ലെന്നോ?
എന്റെ പിതാവിന്റെ ഭവനത്തിൽ എത്രയോ വേലക്കാർ സുഖമായി ജീവിക്കുന്നു. ഞാനിവിടെ പന്നികളുടെ കൂടെ പട്ടിണിയിൽ.....
ഞാൻ എന്റെ പിതാവിന്റെ അടുത്തേക്കു പോയി മാപ്പു ചോദിക്കും. ഒരു വേലക്കാരനായി സ്വീകരിക്കാൻ യാചിക്കും.
എന്റെ അപ്പൻ! എത്ര സ്നേഹത്തോടെയാണ് അദ്ദേഹം എന്നെ വളർത്തിയത്.


മടിയിലിരുത്തി
താലോലിച്ചു. എനി
ക്കു വേണ്ടതെല്ലാം
തന്നു. ഒരിക്കലും
എന്നെ വേദനിപ്പി
ച്ചില്ല.
എന്നിട്ടും എത്ര ഹീനമാ
യിട്ടാണു ഞാൻ പെരുമാ
റിയത്. അപ്പനെ ഞാൻ
എത്ര വേദനിപ്പിച്ചു. എന്നോടു
ക്ഷമിക്കുമോ?
ഞാൻ ചെന്നു കാലുപിടിച്ച്
മാപ്പിരക്കും. ഒരു വേലക്കാര
നായിട്ടെങ്കിലും എന്നെ സ്വീക
രിക്കാതിരിക്കില്ല.
ഇനി ഞാൻ ഒരു പുതിയ മനുഷ്യ
നായി ജീവിക്കും. എന്റെ ദൈവമേ,
എന്റെ അപ്പൻ എന്നെ സ്വീകരി
ക്കാൻ ഇടയാക്കണമേ.


അവൻ പോയിട്ട് എത്ര കാല
മായി? അവനു സുഖമാണോ?
അതോ എന്തെങ്കിലും രോഗം
ബാധിച്ചോ? അല്ല, അവൻ
തന്നെയല്ലേ ആ വരുന്നത്!
അപ്പാ, ദൈവത്തിനും
അങ്ങേയ്ക്കും എതിരേ
ഞാൻ തെറ്റു ചെയ്തുപോയി.
മകൻ എന്നു വിളിക്കപ്പെടാൻ
എനിക്കു യോഗ്യതയില്ല.
!!
ഓ, എന്റെ മകനേ, നിന്നെ
എനിക്കു ജീവനോടെ
തിരിച്ചുകിട്ടിയല്ലോ.
!
പുതിയ ഉടുപ്പു കൊണ്ടുവന്ന് ഇവനെ
അണിയിക്കൂ! കാലിൽ ചെരുപ്പും വിര
ലിൽ മോതിരവും. കൊഴുത്ത കാളയെ
കൊന്നു വിരുന്നൊരുക്കുവിൻ.


അവർ ആഘോഷിക്കാൻ തുടങ്ങി. അതേസമയം മൂത്തമകൻ വയലിലായി രുന്നു. അവൻ മടങ്ങിവരുമ്പോൾ
എന്താണീ കൊട്ടും പാട്ടും?
അങ്ങയുടെ അനുജൻ മട ങ്ങിവന്നതിലുള്ള സന്തോഷ മാണ്. യജമാനൻ അങ്ങയെ കാത്തിരിക്കുന്നു.
ഇനി എന്നെ കാക്കേണ്ടാ എന്നു പറഞ്ഞേര്. അവ നുള്ള വീട്ടിലേക്ക് ഞാനില്ല.
മകനേ, അകത്തേക്കു വരൂ. ഇന്നു സന്തോഷത്തിന്റെ ദിവസമാണ്.
സന്തോഷം! എത്രവർഷം ഞാനി വിടെ അടിമയെപ്പോലെ ജോലി ചെയ്യുന്നു. ഞാൻ എന്തെങ്കിലും അനുസരണക്കേടു കാട്ടിയോ?
!


എന്നിട്ടും എന്റെ കൂട്ടുകാരോടൊത്ത് ഒന്നാഘോഷിക്കാൻ ഒരാട്ടിൻകുട്ടിയെയെങ്കിലും എനിക്കു തന്നോ?
കണ്ട വേശ്യകളോടൊത്തു പണമെല്ലാം ധൂർത്തടിച്ച് അവൻ വന്നപ്പോഴേക്കും കൊഴുത്ത കാളയെ കൊന്നിരിക്കുന്നു! സന്തോഷിച്ചോളൂ.
മകനേ, നീ എപ്പോഴും എന്നോടുകൂടെ ഉണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതാണ്.
എന്നാൽ, ഇന്നു നമ്മൾ ആഹ്ലാദിക്കണം. നിന്റെ അനുജൻ മരിച്ചുപോയിരുന്നു. ഇന്ന് അവനെ നമുക്ക് ജീവനോടെ കിട്ടിയിരിക്കുന്നു.
!
അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗസ്ഥനായ പിതാവ് ഇതുപോലെ സന്തോഷിക്കും.


സ്വർഗ്ഗസ്ഥനായ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ. ക്ഷമിക്കുവിൻ, നിങ്ങളോടു ക്ഷമിക്കപ്പെടും.
!!!
റബ്ബീ, ഒരാൾ എത്രപ്രവാശ്യം ക്ഷമിക്കണം? ഏഴു തവണയോ?
ഏഴല്ല. ഏഴ് എഴുപതു പ്രാവശ്യം. പണ്ടൊരു രാജാവുണ്ടായിരുന്നു. അയാൾ തന്റെ സേവകന്മാരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ
എലിഫാസ് രാജഭണ്ഡാരത്തിലേക്ക് അടയ്ക്കാനുള്ള തുക പതിനായിരം താലന്ത്.
അവന്റെ വസ്തുവകകൾ കണ്ടുകെട്ടുക.



തിരുമനസ്സേ, അടിയനോടു ക്ഷമിക്കണം. ഞാൻ എല്ലാം തന്നുവീട്ടിക്കൊള്ളാം.
വീട്ടാൻ നിനക്ക് ഒരിക്കലും സാധിക്കില്ല എന്ന് എനിക്കറിയാം. ഞാൻ എല്ലാം ഇളചെയ്തിരിക്കുന്നു.
!


ആ സേവകന് പുറത്തേക്കിറങ്ങിയപ്പോൾ തനിക്കു നൂറു ദെനാറാ കടപ്പെട്ടിരുന്ന മറ്റൊരു സേവകനെ കണ്ടുമുട്ടി.


?
എനിക്കു തരാനുള്ള തുക എവിടെ? എന്നെ കബളിപ്പിക്കാമെന്നു കരുതിയോ?
യജമാനനേ, ഒരുമാസം കൂടി അവധി തരണം! ഞാൻ തന്നുവീട്ടിക്കൊള്ളാം.


മഹാരാജാവേ, ഇന്ന് വലിയൊരനീതി നടന്നിരിക്കുന്നു.
എന്താണത്? പറയൂ!
അങ്ങ് കടം ഇളവുചെയ്തു കൊടുത്ത സേവകൻ നൂറു ദെനേറാ കടപ്പെട്ടിരുന്ന ഒരാളെ തടവിലാക്കി. അയാളുടെ ഭാര്യയെയും മക്കളെയും അടിമകളായി വിറ്റു.
അവനെ ഉടനെ ഹാജരാക്കൂ!
നന്ദികെട്ട ദുഷ്ടാ, ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോടു കരുണ കാണിക്കേണ്ടിയിരുന്നില്ലേ?
!
ഇവനെ കഠിന തടവിലാക്കൂ! കടം മുഴുവൻ വീട്ടുന്നതുവരെ അവിടെ കിടക്കട്ടെ.
നിങ്ങൾ സഹോദരങ്ങളോടു ഹൃദയം തുറന്നു ക്ഷമിക്കുന്നില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ ചെയ്യും.


ഉപവാസവും പ്രാർത്ഥനയും ദാനധർമ്മങ്ങളുംവഴി പാപം ക്ഷമി ക്കപ്പെടുമെന്നാണല്ലോ ഇസ്രായേ ലിലെ റബ്ബിമാരെല്ലാം പഠിപ്പി ക്കുന്നത്.
രണ്ടുപേർ പ്രാർത്ഥിക്കാൻ പോയി. ഒരാൾ ഫരിസേയൻ മറ്റേയാൾ ചുങ്കക്കാരൻ.
ഫരിസേയൻ നിവർന്നു നിന്നു പ്രാർത്ഥിച്ചു.


ദൈവമേ, ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു. എന്തെന്നാൽ ഞാൻ അക്രമികളും വ്യഭിചാരി കളുമായ മറ്റു മനുഷ്യരെപ്പോ ലെയോ ഈ ചുങ്കക്കാരനെ പ്പോലെയോ അല്ല.


ഞാൻ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിക്കുന്നു. സമ്പാദിക്കുന്നതിന്റെയെല്ലാം ദശാംശം നിനക്കുതരുന്നു.
ദൈവമേ, പാപിയായ എന്നോടു കരുണ തോന്നണമേ....
ആ ചുങ്കക്കാരനിൽ ദൈവം സംപ്രീതനായി. അഹങ്കാരിയായ ഫരിസേയനിൽ ദൈവം പ്രസാദിച്ചില്ല.
!!
തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും. തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും.



അവർ അവിടെനിന്നു പോകുമ്പോൾ പത്തു കുഷ്ഠരോഗികൾ യേശുവിനെ അന്വേഷിച്ചുവന്നു.
യേശുവേ, ഈ കുഷ്ഠരോഗികളോടു കരുണ തോന്നണമേ.
ഞങ്ങളെ സുഖപ്പെടുത്തണമേ.
പോയി നിങ്ങളെത്തന്നെ പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കുവിൻ.


പോകുംവഴി
അത്ഭുതം! എന്റെ കുഷ്ഠം മാറി.
നമുക്കെല്ലാം സുഖം കിട്ടി. വേഗംപോയി പുരോഹിതനെ കാണിച്ച് സാക്ഷിപത്രം വാങ്ങണം.
നമുക്കു മടങ്ങിച്ചെന്ന് യേശുവിനോട് നന്ദി പറഞ്ഞിട്ടാവട്ടെ.


ഇത്രയും കാലം കുഷ്ഠരോഗിയാക്കിയതിനു നന്ദിയോ?
രോഗം മാറിയ സ്ഥിതിക്ക് അയാളുടെ ആവശ്യമില്ല. തന്നെയുമല്ല, അയാളുടെ പുറകെ പോകുന്നത് അപകടകരമാണുതാനും.



ഒരാൾ മാത്രം നന്ദി പറയാനായി മടങ്ങിവന്നു. അയാൾ ഒരു സമറിയാക്കാരനായിരുന്നു.
പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒമ്പതുപേർ എവിടെ? ഈ വിജാതീയനല്ലാതെ മറ്റാർക്കും ദൈവത്തെ സ്തുതിക്കാൻ തോന്നിയില്ലല്ലോ.
പെസഹാത്തിരുനാൾ സമീപിച്ചപ്പോൾ യേശു ജറുസലെമിലേക്കു പോകാൻ തീരുമാനിച്ചു.
?!!!
നമ്മൾ ജറുസലെമിലേക്കു പോവുകയാണ്. മനുഷ്യപുത്രനെക്കുറിച്ച് എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും.
അവൻ വിജാതീയരുടെ കൈകളിൽ ഏല്പിക്കപ്പെടും. അവർ അവനെ പരിഹസിക്കുകയും അവന്റെമേൽ തുപ്പുകയും ചെയ്യും.
അവർ അവനെ പ്രഹരിക്കുകയും വധിക്കുകയും ചെയ്യും. എന്നാൽ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേല്ക്കും.


അവർ ജെറീക്കോ പട്ടണത്തെ സമീപിച്ചപ്പോൾ ബർതിമേയൂസ് എന്നൊരു കുരുടൻ വഴിവക്കിൽ ഭിക്ഷ യാചിച്ചുകൊണ്ടിരുന്നു.
ധർമ്മം തരണേ. കരുണയുള്ള നാട്ടുകാരേ, ധർമ്മം തരണേ, എന്താണീ ബഹളം?
നസ്രത്തിലെ യേശു വരുന്നു.
ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ.
ശ്... മിണ്ടാതിരിക്കൂ. ഗുരുവിനെ ശല്യപ്പെടുത്തരുത്.
ദാവീദിന്റെ പുത്രാ, കരുണ തോന്നണേ...
അയാളെ ഇങ്ങോട്ടു കൊണ്ടുവരൂ!




യേശുവിന്റെ യാത്ര അതിന്റെ ലക്ഷ്യത്തോടടുക്കുന്നു അധഃകൃതർക്ക് അംഗീകാരം. മരിച്ചവർക്കു ജീവൻ. ജറുസലെമിലേക്കു രാജകീയ പ്രവേശം.

# ദാവീദിന്റെ പുത്രൻ




# ദാവീദിന്റെ പുത്രൻ

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com